ചെയ്തിട്ടുണ്ട്. രോഗനിയന്ത്രണത്തിനായി മുഴുവൻ കന്നുകാലികൾക്കും ചിട്ടയായി കുത്തിവയ്പ് നിർബന്ധമാക്കുന്നതിനും അന്യ സംസ്ഥാനങ്ങളിൽനിന്നും രോഗം ബാധിച്ച കന്നുകാലികളുടെ വരവ് നിയന്ത്രിക്കുന്നതിനും അതിർത്തികളിലുള്ള ചെക്കുപോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് രോഗപ്പകർച്ച തടയുന്നതിനായി സൗജന്യമായി പ്രതിരോധ കുത്തിവയ്പ് നടത്തുന്നുണ്ട്. കന്നുകാലിചന്തകൾ, പ്രദർശനങ്ങൾ എന്നിവ നടത്തരുതെന്നും, രോഗമുള്ളവയെ മറ്റ് സ്ഥലങ്ങളിലേക്ക് കൊണ്ടുപോകരുതെന്നും കർശനമായി നിർദ്ദേശം നൽകുന്നുണ്ട്. രോഗപ്രതിരോധത്തിന്റെ ആവശ്യകത ക്ഷീര കർഷകരെ മനസ്സിലാക്കുന്നതിനായി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ഇത് സംബന്ധിച്ച് ലഘുലേഖകളും മറ്റും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്.

തിരുവിഴാംകുന്ന് കാലിഫാമിൽ പടർന്ന രോഗം

109 (1905) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിൽ തിരുവിഴാംകുന്ന് കാലി ഫാമിൽ ഉണ്ടായ മൗത്ത് ആന്റ് ഫുഡ് എന്ന രോഗം വീണ്ടും വരാതിരിക്കാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) രോഗം ബാധിച്ച കന്നുകാലികൾക്കു വിദഗ്ദ്ധ ചികിത്സ നൽകിയിരുന്നു. രോഗം വരാതിരിക്കുവാനായി എല്ലാ കന്നുകാലികൾക്കും 2003 ഏപ്രിൽ മാസത്തിൽ പ്രതിരോധ കുത്തിവയ്പും നൽകിയിട്ടുണ്ട്.

കാലിരോഗങ്ങൾ നിയന്ത്രിക്കാൻ കേന്ദ്രാവിഷ്കൃത പദ്ധതി

110 (1906) ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യവ്യാപകമായി കന്നുകാലികളെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ ഉൻമൂലനം ചെയ്യുന്നതിന് എന്തെങ്കിലും കേന്ദ്രാവിഷ്കൃത പദ്ധതിയുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly